# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6110 | 04.07.2019-ന് മറുപടിയ്ക്ക് |
|---|---|

**ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി സ്ഥലംഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ പി. ഉണ്ണി | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം ബൈപ്പാസിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ആർ.ബി. ഡി.സി. യിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 03/09/2018-ന് ആർ.ബി.ഡി.സി.കെയിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത ബൈപ്പാസിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ആർ.ബി.ഡി.സി. നൽകിയ പ്രൊപ്പോസലിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് ജില്ലാകളക്ടർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | നിർദ്ദിഷ്ട ഒറ്റപ്പാലം കാക്കത്തോട് ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് ഒറ്റപ്പാലം 2 വില്ലേജിൽപ്പെട്ട 3.2500 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ലഭിച്ചിരുന്നു. ജില്ലാ കളക്ടറുടെ 4/10/2018-ലെ DCPKD/5362/18/C4 നമ്പർ ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ട്. 1961-ലെ കേരള സർവേയും അതിർത്തിയും സംബന്ധിച്ച ആക്റ്റിലെ വകുപ്പ് 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ 07/11/2018-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2755 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു.<br><br>പ്രസ്തുത റോഡിന്റെ അലൈൻമെന്റിനെതിരെ പ്രദേശവാസികളായ 32 പേർ ബഹു. കേരള ഹൈക്കോടതിയിൽ WP(C)39213/2018 നമ്പറായി ഫയൽ ചെയ്ത കേസിന്റെ 04/12/2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും ഏറ്റവും ദൈർഘ്യം കുറഞ്ഞതും കെട്ടിടം/കുഴിക്കൂർ ചമയങ്ങളുള്ള സ്ഥലമുടമകളുടെ എണ്ണം കുറവുള്ളതും ആയ മേൽ അലൈൻമെന്റ് ആണ് ഏറ്റവും അനുയോജ്യമായതെന്ന് കണ്ടെത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 03/06/2019-ലെ സ.ഉ. (സാധാ) 1419/2019/റവ നമ്പർ ഉത്തരവിൽ പ്രദേശവാസികളുടെ മേൽ ആവശ്യം നിരസിക്കുകയും, 28/06/2019-ലെ സ.ഉ. (സാധാ) നം. 1676/2019/റവ പ്രകാരം 2013-ലെ എൽ.എ.ആർ.ആർ ആക്റ്റിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവായിട്ടുള്ളതുമാണ്. |
| (സി) | ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി ഏറ്റെടുക്കപ്പെടേണ്ട ഭൂമിയുടെ വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ